'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- തിരൂർ ബ്ലോക്ക് പഞ്ചായത്തിന് - 2019 -20 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് - 10, 11, 12 ഗഡുക്കൾ ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സാധിക്കാതിരുന്ന തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.3453/2025/ധന തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം : 1. തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.03.2025 തീയതിയിലെ LSGD/BP/TIR(MPM)/224/2024-C നമ്പർ കത്ത്.

2. സ.ഉ (സാധാ) നം. 91/2020/ധന തിയതി.03.01.2020
3. സ.ഉ (സാധാ) നം. 887/2020/ധന തീയതി 31.01.2020
4. സ.ഉ(സാധാ)നം. 2480/2020/ധന തീയതി 25.03.2020
5. സ.ഉ.(സാധാ) നം. 102/2021/ധന തീയതി. 05.01.2021
6. 13.03.2025 തീയതി തിരൂർ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

## <u>ഉത്തരവ്</u>

തിരൂർ ബ്ലോക്ക് പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ സൂചന (2) (3) (4) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച 10, 11, 12 ഗഡുക്കൾ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനായി ബില്ലുകൾ യഥാസമയം ഇ- സബ്മിറ്റ് ചെയ്യുകയും അതോടൊപ്പം ബില്ലുകളുടെ ഹാർഡ് കോപ്പി യഥാക്രമം 01.02.2020, 18.03.2020, 26.03.2020 എന്നീ തീയതികളിൽ തിരൂർ സബ്ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ഗഡുക്കൾ അതേ സാമ്പത്തിക വർഷം തന്നെ പാസാകാതിരുന്നതിനാൽ അലോട്ട്മെന്റ് തുക നഷ്ടപ്പെടുകയും ടി തുക സൂചന (5) പ്രകാരം 3604-00-200-88-(04)-NP എന്ന ശീർഷകത്തിൽ പുനരനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ തുക പുനരനുവദിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഇ- മെയിലിലോ, തപാലിലോ അറിയിപ്പ് ലഭിക്കാത്തതിനാൽ തുക അനുവദിച്ച വിവരം ശ്രദ്ധയിൽപ്പെടാത്ത കാരണത്താൽ യഥാസമയം ബിൽ ട്രഷറിയിൽ സമർപ്പിച്ച് തുക ടി.എസ്.ബി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാൻ കഴിഞ്ഞില്ലെന്നും ടി തുക

നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് പുനരനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സൂചന (1) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (6) പ്രകാരം തിരൂർ സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, സൂചന (5) പ്രകാരം 3604-00-200-88-(04)-NP എന്ന ശീർഷകത്തിൽ പുനരനുവദിച്ച 11,23,400/- രൂപ (പതിനൊന്നു ലക്ഷത്തി ഇരുപത്തി മൂവായിരത്തി നാനൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ ശീർഷകമായ 3604-00-200-83-(04)-NP എന്ന ശീർഷകത്തിൽ നിന്നും തിരൂർ ബ്ലോക്ക് പഞ്ചായത്തിന് (B101300) പുനരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്/ സെക്രട്ടറി തിരൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്മെന്റ് വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3109895)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ